**ശ്രദ്ധക്ഷണിക്കൽ**

(1) തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി. എസ്. സുപാൽ: സർ, തോട്ടം മേഖലയിലെ ആയിരക്കണക്കിന് തൊഴിലാളികളുടെ ഏറ്റവും അടിയന്തര പ്രാധാന്യമുള്ള പ്രശ്നത്തിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്.

തോട്ടം മേഖലയിലെ തൊഴിലാളികൾ ലയങ്ങളിലാണ് താമസിക്കുന്നത്. ലയങ്ങളിൽ അടിസ്ഥാനസൗകര്യങ്ങളുടെ കുറവുണ്ട്. പല വീടുകളെ സംബന്ധിച്ചും വീടെന്ന് പറയാൻ കഴിയില്ല. കൂടുതൽ തൊഴിലാളികളും ഭൂമിയില്ലാത്തവരാണ്. അവർക്ക് ഒരു വീട് എന്നുള്ള സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റ് പദ്ധതി ആവിഷ്കരിച്ചിരുന്നു. എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുന്നതിനാവശ്യമായ ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകിയിരുന്നു. അത് വളരെ അടിയന്തരമായി നടപ്പാക്കി എല്ലാവർക്കും വീട് നിർമ്മിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കോവിഡിന്റെ രണ്ടാം തരംഗത്തിൽ വലിയ വ്യാപനം നമ്മുടെ സംസ്ഥാനത്തൊട്ടാകെ ഉണ്ടായിട്ടുണ്ട്. അത് ഏറ്റവും കൂടുതൽ ഉണ്ടായിട്ടുള്ളത് തോട്ടം മേഖലയിലാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം, ഒരു ലയത്തിൽ ഒരാൾക്ക് രോഗം വന്നാൽ അവിടുത്തെ മുഴുവൻ ആളുകളെയും അത് ബാധിക്കുന്ന സാഹചര്യമുണ്ടാകും. കാരണം വീടുകളിൽ മതിയായ സൗകര്യങ്ങളില്ല എന്നിങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് കോവിഡിന്റെ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മുന്തിയ പരിഗണന കൊടുക്കേണ്ട ഒരു മേഖലയാണ് തോട്ടം മേഖല. വാക്സിനേഷനുമായി ബന്ധപ്പെട്ട് മുൻഗണന നിശ്ചയിക്കുന്നുണ്ട്. ഈ തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഒരു മുൻഗണന നിശ്ചയിച്ചുകൊണ്ട് വാക്സിൻ എത്രയും വേഗം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതുമാത്രമല്ല, തോട്ടങ്ങളിൽതന്നെ ക്യാമ്പുവച്ച് വാക്സിനേഷൻ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റൊന്ന്, തോട്ടം മേഖലയിൽ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. സ്വകാര്യ തോട്ടങ്ങളാണെങ്കിലും പൊതുമേഖലാ

ഉടമസ്ഥതയിലുള്ള തോട്ടങ്ങളാണെങ്കിലും അവിടെയെല്ലാം മെഡിക്കൽ സംവിധാനം ഉണ്ടാകണം. പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അത് നല്ലതുപോലെയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ സ്വകാര്യ തോട്ടങ്ങളുമായി ബന്ധപ്പെട്ട് ചികിത്സാ സംവിധാനത്തിന്റെ പരിമിതികൾ ഏറെയാണ്. പല തൊഴിലാളികൾക്കും പുറത്ത് ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് ആ ചികിത്സാസംവിധാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതുമാത്രമല്ല, ഇ.എസ്.ഐ. പരിധിയിൽ ഈ തൊഴിലാളികളെ കൊണ്ടുവന്നാൽ അവർക്ക് അത് അങ്ങേയറ്റം ഗുണകരമായ ഒരു കാര്യമായി മാറും. അവരുടെ ചികിത്സ നിറവേറ്റുന്ന സാഹചര്യവുമുണ്ടാകും. അതുകൊണ്ട് ഇ.എസ്.ഐ. പരിധിയിൽ തോട്ടം തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മറ്റൊന്ന്, കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ തോട്ടം മേഖലയിലെ വിരമിക്കൽ പ്രായം 58 എന്നത് 60 ആക്കി വർദ്ധിപ്പിക്കുകയുണ്ടായി. അത് നല്ലൊരു തീരുമാനമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മാനേജ്മെന്റ്

കേസിനുപോയതിന്റെ അടിസ്ഥാനത്തിൽ അത് നടപ്പാക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ, ഇപ്പോൾ 58 വയസിൽ വിരമിക്കേണ്ട തൊഴിലാളികളുടെ വിരമിക്കൽതന്നെ അനിശ്ചിതത്വത്തിൽ ആയിരിക്കുകയാണ്. അടിയന്തരമായി ഇക്കാര്യത്തിൽ ഗവൺമെന്റ് തീരുമാനം പ്രഖ്യാപിക്കേണ്ടതാണ്.

നമ്മുടെ തോട്ടങ്ങളിൽ ഉപയോഗിക്കാതെ, വെറുതെ  കിടക്കുന്ന ധാരാളം ഭൂമിയുണ്ട്. തോട്ടങ്ങളുടെ പൊതുഘടനയിൽ മാറ്റം വരുത്താതെ കാർഷിക ആവശ്യങ്ങൾ അതിൽത്തന്നെ നിലനിർത്തിക്കൊണ്ട് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുന്ന തരത്തിൽ ആ ഭൂമിയുടെ വിനിയോഗത്തിൽ ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നമ്മുടെ തോട്ടങ്ങളെല്ലാം വനമേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്നവയാണ്. അതുകൊണ്ടുതന്നെ വന്യമൃഗങ്ങളുടെ ശല്യം തൊഴിലാളികൾക്ക് പലപ്പോഴുമുണ്ടാകുന്നുണ്ട്. പല തൊഴിലാളികൾക്കും ഗുരുതരമായി പരിക്കേൽക്കുകയും ജീവൻ നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ട്. വളരെ ഭയപ്പെട്ട് രാവിലെ ജോലിക്കിറങ്ങുന്ന ഒട്ടേറെ

തൊഴിലാളികളുണ്ട്. അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കോവിഡ് കാലത്തുതന്നെ ശമ്പളപരിഷ്കരണം കൃത്യമായി നടപ്പാക്കി കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ മാതൃക കാണിക്കുകയുണ്ടായി. എന്നാൽ പി.എൽ.സി. രൂപീകരിച്ചെങ്കിലും അത് കൂടിയെങ്കിൽമാത്രമേ ശമ്പളവർദ്ധനവുമായി ബന്ധപ്പെട്ട മറ്റ് ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുകയുള്ളൂ. അതുകൊണ്ട് അടിയന്തരമായി പി.എൽ.സി.കൂടി മറ്റാനുകൂല്യങ്ങൾകൂടി തൊഴിലാളികൾക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവനം ഫൗണ്ടേഷൻ കേരളം മുഖേന തോട്ടം മേഖലയിലെ ഭവനരഹിതരായ തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ The Rehabilitation Plantations Limited (RPL), പുനലൂരിലെ തൊഴിലാളികൾക്ക് ഭവനം ഫൗണ്ടേഷൻ കേരളം മുഖേന കുളത്തുപ്പുഴ

എസ്റ്റേറ്റിൽ 40 വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതിൽ 6 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് വാക്സിനേഷൻ നൽകുന്നതിനാവശ്യമായ ചെലവ് അസോസിയേഷൻ ഓഫ് പ്ലാന്റേഷൻസ് വഹിക്കാമെന്നേറ്റിട്ടുണ്ട്. വാക്സിൻ ലഭ്യമാകുന്നമുറയ്ക്ക് തോട്ടം മേഖലയിൽ വച്ചുതന്നെ വാക്സിനേഷൻ നൽകുന്നതിനാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതാണ്. കേന്ദ്രസർക്കാർ രൂപംനൽകിയ സോഷ്യൽ സെക്യൂരിറ്റി കോഡ് നിലവിൽ വരുന്നമുറയ്ക്ക് തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. പദ്ധതിയിൽ ഓപ്ഷണൽ കവറേജ് ലഭിക്കുന്നതാണ്. തോട്ടം തൊഴിലാളികളുടെ വിരമിക്കൽ പ്രായം 58-ൽനിന്നും 60 ആക്കി പുറപ്പെടുവിച്ച സർക്കാർ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നു. ആയതിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് കോടതിയിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട് സമർപ്പിച്ചിട്ടുണ്ട്. തോട്ടങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ തോട്ടത്തിന്റെ ഘടനയിൽ മാറ്റം വരുത്താതെതന്നെ കാർഷിക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമെന്ന വസ്തുത സംസ്ഥാന സർക്കാരിന്റെ

പ്ലാന്റേഷൻ പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെടുന്ന തൊഴിലാളികൾക്ക് പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ മരണപ്പെടുന്ന തൊഴിലാളികളുടെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് വനംവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മരണമടയുന്ന തോട്ടം തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ വകുപ്പുമുഖേന ഒരു ലക്ഷം രൂപയും നഷ്ടപരിഹാരം നൽകിവരുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, എല്ലാ മേഖലയിലും മിനിമം കൂലി 600 രൂപയാക്കി നേരത്തെ നിശ്ചയിച്ചിരുന്നു. അക്കാര്യത്തിൽ വളരെ മാതൃകാപരമായ നിലപാടാണ് നമ്മുടെ ഗവൺമെന്റ് സ്വീകരിച്ചത്. ആയത് 700 രൂപയായി വർദ്ധിപ്പിക്കുമെന്നുള്ള നിലപാട് കഴിഞ്ഞദിവസം ബഹുമാന്യനായ മുഖ്യമന്ത്രി നയപ്രഖ്യാപന പ്രസംഗവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ സൂചിപ്പിക്കുകയുണ്ടായി.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.....

ശ്രീ. പി. എസ്. സുപാൽ: സർ, തോട്ടം മേഖലയിൽ മാനേജ്മെന്റുകളാണ് കൂടുതൽ തോട്ടങ്ങളും നിയന്ത്രിക്കുന്നതെന്നുള്ളതുകൊണ്ട്

മിനിമം കൂലിയുടെ കാര്യത്തിൽ അവർ എപ്പോഴും തർക്കം ഉന്നയിക്കാറുണ്ട്. തോട്ടം മേഖലയിലെ എല്ലാ തൊഴിലാളികൾക്കും 600 രൂപ ലഭിക്കുന്നതിന് ആവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ; അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണുന്നതിന് മുന്തിയ പരിഗണനയാണ് ഗവൺമെന്റ് നൽകുന്നത്. മുൻഗവൺമെന്റ് ശ്രീ. ടി. പി. രാമകൃഷ്ണൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ തോട്ടം മേഖലയിലെ പ്രതിസന്ധിയും പരിഹാരനിർദ്ദേശങ്ങളും സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ജസ്റ്റിസ് എൻ. കൃഷ്ണൻനായർ കമ്മീഷനെ നിയോഗിക്കുകയുണ്ടായി. ആ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം കാര്യങ്ങൾ ഇവിടെ നടപ്പിലാക്കാൻ കഴിയുമെന്നതുസംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി. ആ സമിതിയുടെകൂടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയിൽ നടപ്പിലാക്കാൻപോകുന്ന, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലുള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച്

ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. അതെല്ലാം ഘട്ടംഘട്ടമായിതന്നെ നടപ്പിലാക്കാം. ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മിഷൻ റിപ്പോർട്ടും ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള പ്ലാന്റേഷൻ രംഗത്തെ നയത്തെ സംബന്ധിച്ച റിപ്പോർട്ടും എന്റെ കൈവശമുണ്ട്. പരിശോധിക്കണമെങ്കിൽ ആയത് അങ്ങേയ്ക്ക് നൽകാം. അതോടുകൂടി ആ പ്രശ്നത്തിന് ഘട്ടംഘട്ടമായി പരിഹാരം കാണാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (2) നഷ്ടപരിഹാരം

ശ്രീ. കെ. പി. എ. മജീദ്: സർ, സംസ്ഥാനത്ത് ഏറെക്കുറേ അപ്രതീക്ഷിതമായുണ്ടായ കാലവർഷക്കെടുതിമൂലം വ്യാപകമായ രീതിയിൽ കൃഷിനാശം സംഭവിച്ചിരിക്കുകയാണ്. കാർഷികമേഖലയെ ആശ്രയിച്ചുനിൽക്കുന്ന ഒട്ടേറെ കൃഷിക്കാർക്ക് കാലവർഷത്തിന്റെ, മഴയുടെയും കാറ്റിന്റെയും ഫലമായി, യഥാസമയം വിളവെടുക്കാൻ കഴിയാതെ വ്യാപകമായ കൃഷിനാശമാണ് സംസ്ഥാനത്ത് പൊതുവെയുണ്ടായിട്ടുള്ളത്. നെല്ല്, വാഴ, കപ്പ, പച്ചക്കറി എന്നിവയ്ക്കാണ് കൂടുതൽ നാശനഷ്ടമുണ്ടായിട്ടുള്ളത്. നെല്ലിനെ സംബന്ധിച്ചിടത്തോളം, ഏറെക്കുറെ കൊയ്യാറായ സമയത്ത് മഴ വന്നതിനാൽ നെല്ല് കൊയ്യാൻ കഴിയാതെ

വെള്ളത്തിൽ കിടക്കുന്നതിന്റെ ഫലമായി വന്നിച്ച നഷ്ടമാണ് പൊതുവെ ഉണ്ടായിട്ടുള്ളത്. അതുമാത്രമല്ല, സാധാരണ ഞാറ് നട്ട് പതിനഞ്ച് ഇരുപത് ദിവസത്തിനകം വെള്ളം കയറി നശിച്ചാൽ...., സ്വാഭാവികമായി ഇൻഷ്വർ ചെയ്യണമെങ്കിൽ നെല്ല് നട്ട് അറുപത് ദിവസം കഴിഞ്ഞാൽ മാത്രമേ അപേക്ഷ നൽകാൻ സാധിക്കുകയുള്ളൂ. അങ്ങനെയൊരു ബുദ്ധിമുട്ട് ഇതോടൊപ്പമുണ്ട്. കൂടാതെ, സാധാരണഗതിയിൽ കൊയ്ത്തുമെഷീന് ഒരു ഹെക്ടറിന് 1500 രൂപ വാടക നൽകിയിട്ടാണ് കൃഷിക്കാർ എടുക്കാറുള്ളത്. പക്ഷേ ഇത്തവണ മഴയുടെ ഫലമായി ചെളിയും മറ്റുമുള്ളതുകൊണ്ട് ചെയിനുപയോഗിച്ചുള്ള മെഷീനാണ് ഉപയോഗപ്പെടുത്തിയത്. ഒരു ഹെക്ടറിന് 2800 രൂപ നൽകേണ്ടിവരും. അത്രയും ഭീമമായ ചെലവാണ് ഇത്തവണ കൃഷിക്കാരുടെമേൽ വന്നിട്ടുള്ളത്. ഇത്തരത്തിലുള്ള നഷ്ടപരിഹാരത്തിന് കൃഷി വകുപ്പ് എന്താണ് ചെയ്യാൻപോകുന്നതെന്ന് എനിക്കറിഞ്ഞുകൂട. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കാനും എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്? നെല്ല് സംഭരണം കഴിഞ്ഞ് രണ്ട് മാസത്തോളമായി ഇതുവരെ പണം കിട്ടിയില്ലെന്ന പരാതി കൃഷിക്കാർക്കുണ്ട്.

അത് ലഭിച്ചാൽമാത്രമേ തുടർന്ന്  കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. സർക്കാർ മേഖലയിൽ ഇപ്പോൾ മൂന്ന് മില്ലുകളാണുള്ളത്. സ്വകാര്യമില്ലുകളെ ആശ്രയിച്ചാൽ മാത്രമേ മറ്റുകാര്യങ്ങൾ ചെയ്യാൻ സാധിക്കൂ. യഥാസന്ദർഭത്തിൽ അവരുമായി ഒരു ധാരണ ഇല്ലാത്തതിന്റെ ഫലമായി എല്ലാ സീസണിലും ആ നിലയിലുള്ള പ്രതിസന്ധി നിലനിൽക്കുകയാണ്. പലയിടങ്ങളിലും പാടശേഖരങ്ങൾ തരിശ്ശായി കിടക്കുന്നു. അത് ഏറ്റെടുത്ത് കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള സംവിധാനങ്ങളും കാര്യമായി നടക്കുന്നില്ല. ഇപ്പോൾ സപ്ലൈകോ ആണ് നെല്ല് സംഭരിക്കുന്നത്. ഒരു ക്വിന്റൽ നെല്ല് സംഭരിക്കുമ്പോൾ ഏകദേശം അഞ്ച് കിലോ കുറവ് വരുത്തികൊണ്ടാണ് അവർ സംഭരിക്കുന്നത്. ബാങ്കിൽ നിന്നുള്ള പണം സമയത്ത് ലഭ്യമാകുന്നില്ല. കോവിഡായതുകൊണ്ട് ബാങ്കിലേയ്ക്ക് പോകാൻ കഴിയാത്ത പ്രത്യേക സാഹചര്യവുമുണ്ട്. അതുപോലെതന്നെ വാഴ, പച്ചക്കറി, കപ്പ എന്നിവയ്ക്ക് ഏറ്റവും അധികം നഷ്ടം സംഭവിച്ചിട്ടുണ്ട്. തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ നന്നമ്പ്ര, തെന്നല തുടങ്ങിയ പഞ്ചായത്തുകൾ സന്ദർശിച്ചിരുന്നു. കൂടെ കൃഷിവകുപ്പ് ഉദ്യോഗസ്ഥൻമാരുമുണ്ടായിരുന്നു. വ്യാപകമായ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്.

കുറേ ചെറുപ്പക്കാർകൂടി തണ്ണീർമത്തൻ കൃഷി ചെയ്തു. കഴിഞ്ഞ വർഷം അത് ലാഭകരമായിരുന്നു. പക്ഷേ ഇത്തവണ മഴ വന്നതിനാൽ വ്യാപകമായ നഷ്ടമുണ്ടായി. എന്നാലും അഞ്ചാറ് ക്വിന്റൽ തണ്ണീർമത്തൻ വിളവെടുത്തു. പക്ഷേ എവിടെ കൊണ്ടുപോയി വിൽക്കാൻ സാധിക്കും? കച്ചവട സ്ഥാപനങ്ങളെല്ലാം പൂട്ടിക്കിടക്കുകയാണ്, മാർക്കറ്റില്ല, സാധനം കൊണ്ടുപോകാൻ കഴിയുന്നില്ല. അതുകൊണ്ട് വമ്പിച്ച നഷ്ടമുണ്ടായി. പഞ്ചായത്തിന്റെ പ്രതിനിധികളെല്ലാം വന്ന് അതിന് ന്യായമായ വിലകൊടുത്തു വാങ്ങി സൗജന്യമായി എല്ലാവർക്കും വിതരണം ചെയ്യുകയാണുണ്ടായത്. ഇതുതന്നെയാണ് കപ്പയുടെ കാര്യത്തിലും സംഭവിച്ചത്. ഒന്നാമത് ട്രിപ്പിൾ ലോക്ഡൗണായതിനാൽ നിയന്ത്രണങ്ങളാണ്. അതുകൊണ്ടുതന്നെ കപ്പയും സൗജന്യമായി വിതരണം ചെയ്യേണ്ട സ്ഥിതിവിശേഷമാണുണ്ടായത്. ഇതൊക്കെതന്നെ വളരെ ഗൗരവമായ കാര്യങ്ങളാണ്. എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ കൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഒന്ന്, കൃഷിനാശം സംഭവിച്ചവർ പത്ത് ദിവസത്തിനുള്ളിൽ കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ എങ്ങനെയാണ് പത്തുദിവസം കൊണ്ട് അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് ചുരുക്കി സംസാരിക്കണം.

ശ്രീ. കെ. പി. എ. മജീദ്: ഓൺലൈനായി സമർപ്പിക്കാമെന്ന് പറയുന്നുണ്ട്. അതൊന്നും കൃഷിക്കാർക്ക് സാധിക്കില്ല. അതുകൊണ്ടുതന്നെ അപേക്ഷ സമർപ്പിക്കാൻ കുറച്ചുകൂടി സമയം അനുവദിക്കണം. സംഭരിച്ച നെല്ലിനുള്ള തുക യഥാസമയം ലഭ്യമാക്കണം. വിളനഷ്ട പരിഹാരത്തുകയും അതിന്റെ കുടിശ്ശികയും ഒരു വർഷമായിട്ടുള്ളതുണ്ടെന്നാണ് കൃഷിക്കാർ പറയുന്നത്, അതിനുവേണ്ട തീരുമാനമുണ്ടാകണം. വിളനാശം സംഭവിച്ചാൽ അതിന് വെരിഫിക്കേഷൻ നടത്തണം. പല സ്ഥലങ്ങളിലുമുള്ള ഉദ്യോഗസ്ഥന്മാർ പ്രത്യേകിച്ചും അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാരൊക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ളവരാണ്. ആ തസ്തികയിൽ സ്ഥിരം ജീവനക്കാരില്ല. ആറ് മാസം കഴിഞ്ഞാൽ കണ്ടിന്യൂവിറ്റിയില്ലാത്ത സ്ഥിതിയാകും.

മി. സ്പീക്കർ: യെസ്.... പ്ലീസ്...

ശ്രീ. കെ. പി. എ. മജീദ്: അതുപോലെതന്നെ ഓരോ വിളകൾക്കും ഇപ്പോൾ നിശ്ചയിച്ച തുക വളരെ പരിമിതമാണ്. അത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, സംസ്ഥാനത്ത് കാലവർഷം, ടൗട്ടെ ചുഴലിക്കാറ്റ് എന്നിവമൂലം വ്യാപകമായ കൃഷിനാശമാണുണ്ടായിട്ടുള്ളത്. പ്രഥമ വിവരശേഖരണപ്രകാരം 11.05.2021 മുതൽ 01.06.2021 വരെ 1,68,809 കർഷകരുടെ 24,043 ഹെക്ടർ സ്ഥലത്തെ കൃഷി നശിക്കുകയും 82,840.63 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ടെന്നുമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. നിലവിലെ കോവിഡ് രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കർഷകർക്ക് വിളനാശത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി ജൂൺ 30 വരെ നീട്ടിനൽകിയിട്ടുണ്ട്. നാശനഷ്ടം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അപേക്ഷിക്കാനുള്ള കാലാവധി ദീർഘിപ്പിച്ചുനൽകിയത്. പ്രകൃതിക്ഷോഭത്തിലുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ

നഷ്ടപരിഹാരമായി 67.02 കോടി രൂപ അനുവദിക്കാനുള്ള ശിപാർശയിന്മേൽ 49.92 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും 4.81 കോടി രൂപ നൽകാനുള്ള ശിപാർശ പരിഗണനയിലാണ്. മാനദണ്ഡപ്രകാരം തിട്ടപ്പെടുത്തുന്ന നഷ്ടപരിഹാരം പൂർണ്ണമായി നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സർക്കാർ ചെയ്തുവരുന്നുണ്ട്. വിളനാശംമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് പ്രധാനമായും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരവും വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവുമാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. പ്രകൃതിക്ഷോഭംമൂലം ഇൻഷ്വർ ചെയ്യാത്ത വിളകളാണ് നഷ്ടപ്പെട്ടതെങ്കിൽ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും ചേർന്നുള്ള ആനുകൂല്യവും പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ബണ്ടുകളുടെ പുനർനിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ്.ഡി.ആർ. ഫണ്ടിൽനിന്നും നഷ്ടപരിഹാരവും നൽകുന്നുണ്ട്. പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (ഞാൻ അതിന്റെ വിശദവിവരം പ്രത്യേകം

പറയുന്നില്ല) പരിരക്ഷ നൽകുന്നുണ്ട്. സർക്കാർ ഉത്തരവ് (കൈ)നം. 1192/2017/കൃഷി, തീയതി 13.12.2017 പ്രകാരം മാവ്, ചെറുധാന്യങ്ങൾ എന്നീ വിളകൾക്കും പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ 2016 മുതൽ 2021 വരെ 151.3977 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും 330.7 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരവും 192.19 കോടി രൂപ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നുമായി ആകെ 704.2877 കോടി രൂപ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 137 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചതുമാണ്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടായപ്പോഴെല്ലാം കർഷകർക്ക് ആവശ്യമായ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി സർക്കാർ കർഷകർക്കൊപ്പമുണ്ടായിരുന്നു. 2016-ലെ കൊടിയ വരൾച്ച, ഓഖി ചുഴലിക്കാറ്റ്, 2018, 2019 എന്നീ വർഷങ്ങളിലെ മഹാപ്രളയം എന്നിവയുണ്ടായ സന്ദർഭങ്ങളിലൊക്കെ കർഷകർക്ക് എല്ലാ സഹായങ്ങളും സർക്കാർ നൽകിയിട്ടുണ്ട്. തുടർന്നും എല്ലാ സഹായങ്ങളും നൽകാനുള്ള

നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പുനൽകുന്നു. കുടിശ്ശികയായി ഒന്നുംതന്നെ നൽകാനില്ല. കഴിഞ്ഞ ദിവസം ആ തുകയും അനുവദിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഇൻഷ്വർ ചെയ്ത കർഷകർക്ക് നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് വലിയ കാലതാമസമാണുള്ളത്. അതോടൊപ്പംതന്നെ ഓരോ വിളകൾക്കും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരത്തുക വളരെ നാമമാത്രമായിട്ടാണുള്ളത്. ആ തുക വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകമോ?

<u>ശ്രീ. പി. പ്രസാദ്</u>: ഈ കാര്യത്തിൽ ഓരോ വിളകളുമായി ബന്ധപ്പെട്ട പഠനങ്ങൾകൂടി ആവശ്യമാണ്. സർക്കാർ കർഷകരെ സഹായിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കും. ചൂണ്ടിക്കാണിക്കുന്ന കാര്യത്തെക്കുറിച്ച് പഠനങ്ങൾ നടത്തിയതിനുശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതായിരിക്കും. ഇപ്പോൾ നിശ്ചയിച്ച നഷ്ടപരിഹാരത്തുക കൃത്യമായിത്തന്നെ വിതരണം ചെയ്യുന്നുണ്ട്. ഒരു വർഷത്തേയും തുക കുടിശ്ശികയായി കൊടുക്കാനില്ല. കഴിഞ്ഞ വർഷത്തെ മുഴുവൻ തുകയും അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്.